**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3164** **07-11-2019 ൽ മറുപടിക്ക്**

**കൈവശഭൂമിക്ക് പട്ടയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പുറമ്പോക്കിൽ കഴിയുന്നവരുൾപ്പെടെയുള്ളവരിൽ അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് നടത്തിയ പ്രവർത്തനം അറിയിക്കാമോ; | (എ) പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടെ കഴിയുന്ന അർഹരായ കൈവശക്കാർക്ക് കേരളഭൂമി പതിവ് ചട്ട പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റോഡ്/തോട് പുറമ്പോക്കിൽ കഴിയുന്നവർക്ക് കൈവശ രേഖയും നൽകി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അർഹരായ എല്ലാ പേർക്കും പട്ടയം ലഭ്യമാക്കുക എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ 45 പട്ടയമേളകൾ സംഘടിപ്പിച്ചിട്ടുള്ളതും വിവിധ ഇനങ്ങളിലായി 111004 പട്ടയങ്ങളും 222 കൈവശരേഖകളും വിതരണം ചെയ്തിട്ടുമുണ്ട്. |
| (ബി) ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടത്തിയ ഇടപെടലുകളെക്കുറിച്ച് അറിയിക്കാമോ; | (ബി) **ലാൻഡ് ട്രൈബ്യൂണൽ മുഖേന നൽകിയ പട്ടയങ്ങൾ**<br><br>ലാൻഡ് ട്രൈബ്യൂണലുകളിൽ കയറിയിറങ്ങുന്നുവെന്നത് ആശാവഹമായ സംഗതിയല്ല. ഈ പ്രശ്നം പരിഹരിക്കാൻ, ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കേസുകൾ അതിവേഗം തീർപ്പാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള തീവ്രമായ നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി വലിയ തോതിൽ കേസുകൾ ലാൻഡ് ട്രൈബ്യൂണലിൽ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീർപ്പാക്കിയ ലാൻഡ് ട്രൈബ്യൂണൽ കേസുകൾ- 130504<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങൾ - 74061<br><br>**എൽ.റ്റി കേസുകൾ പൂർണ്ണമായി തീർപ്പാക്കിയ ജില്ലകൾ**<br><br>തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ല |

കളിലെ ലാൻഡ് ട്രൈബ്യൂണൽ കേസുകൾ പൂർണമായോ, നാമമാത്രമാക്കാനോ കഴിഞ്ഞിട്ടു്. ഈ ജില്ലകളിൽ ബാക്കി നിൽക്കുന്ന നാമമാത്രമായ കേസുകൾ തീർപ്പാക്കാൻ ആ ജില്ലകളിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും കേസുകൾ വീതിച്ച് നൽകിയിട്ടു്. ഈയിനത്തിൽ 34 താലൂക്ക് ലാൻഡ് ട്രൈബ്യൂണലുകൾ ഈ ജില്ലകളിൽ പ്രവർത്തിക്കുന്നു.

**പുതിയ 6 ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ**

തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കെട്ടികിടക്കുന്ന കേസുകൾ രണ്ട് വർഷത്തിനുള്ളിൽ തീർപ്പാക്കണം എന്ന കർമ്മ പരിപാടിയുടെ ഭാഗമായി 6 പുതിയ ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. തെക്കൻ ജില്ലകളിൽ കേസുകൾ നാമമാത്രമായ ലാൻഡ് ട്രൈബ്യൂണലുകളെ പുനർവിന്യസിച്ചാണ് പുതിയ ലാൻഡ് ട്രൈബ്യൂണലിൽ ജീവനക്കാരെ കണ്ടെത്തിയത്.

| | |
|---|---|
| തൃശ്ശൂർ | – 1. കുന്ദംകുളം എൽ.റ്റി<br>2. ഇരിങ്ങാലക്കുട എൽ.റ്റി |
| പാലക്കാട് | – 3. പട്ടാമ്പി എൽ.റ്റി |
| കോഴിക്കോട് | – 4. വടകര എൽ.റ്റി |
| മലപ്പുറം | – 5. തിരൂരങ്ങാടി എൽ.റ്റി |
| കണ്ണൂർ | – 6. ഇരിട്ടി എൽ.റ്റി |

**സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകൾ**

| | |
|---|---|
| തൃശ്ശൂർ | 1. തഹസിൽദാർ (ആർ.ആർ), തൃശ്ശൂർ<br>2. പുഞ്ച സ്പെഷ്യൽ ഓഫീസ്, തൃശ്ശൂർ<br>3.സ്പെഷ്യൽ തഹസിൽദാർ എൽ.എ തൃശ്ശൂർ കോർപ്പറേഷൻ |
| പാലക്കാട് | 4. തഹസിൽദാർ (ആർ.ആർ) പാലക്കാട്<br>5. എൽ.എ ജനറൽ നം 1, പാലക്കാട്<br>6. എൽ.എ ജനറൽ നമ്പർ 2– പാലക്കാട്<br>7. പി.എ.ആർ (ഇറിഗേഷൻ), പാലക്കാട് |
| മലപ്പുറം | 8. എൽ.എ ജനറൽ, മലപ്പുറം<br>9. എൽ.എജനറൽ, തിരൂർ<br>10. എൽ.എ എയർപോർട്ട്, കരിപ്പൂർ |
| കോഴിക്കോട് | – 11. കോഴിക്കോട് എൽ.എ<br>12. കൊയിലാണ്ടി എൽ.എ<br>13. ആർ.ആർ കോഴിക്കോട് |
| കണ്ണൂർ | – 14. ആർ.ആർ തലശ്ശേരി<br>15. എ.എസ്.എൽ ഓഫീസ് കണ്ണൂർ |

**ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ**

ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എൽ.ആർ ഡെപ്യൂട്ടി

കളക്ടർ പ്രിസൈഡിംഗ് ഓഫീസറായ 16 ദേവസ്വം എൽ.റ്റി കളും സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു.

**നടപടികൾ ഒറ്റനോട്ടത്തിൽ**

1. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ)ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.
2. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.

3. ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ടു വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് വിജ്ഞാപനം ചെയ്യുകയുണ്ടായി.
4. 1976 ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി
5. ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടി ക്രമങ്ങളിലും നിരന്തരം പരിശീലനം നൽകി വരുന്നു.
6. അദാലത്ത് മാതൃകയിൽ ലാൻഡ് ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കാൻ ചട്ടഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
7. ജന്മിമാർക്ക് നോട്ടീസ് നൽകുന്നതുമായി ബന്ധപ്പെട്ട് യാതൊരു സങ്കീർണതയും നിലവിലില്ല. നോട്ടീസ് കൈപ്പറ്റാത്ത കേസുകളിൽ പബ്ലിക് നോട്ടീസ് പ്രദർശിപ്പിച്ച് നടപടി തുടരാനും ജന്മിമാർ contest ചെയ്യാത്ത കേസുകളിൽ എക്സ് പാർട്ടി ആയി വിധി പ്രസ്താവിക്കാനും നിലവിൽ കഴിയുന്നു.
8. കേരളത്തിലുണ്ടായിരുന്ന 300 ഓളം ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി, ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ് മോഡണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചിട്ടുണ്ട് 7 ജില്ലകളിൽ ഒന്നാംഘട്ട ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട് പദ്ധതി പൂർത്തിയായാൽ ജനങ്ങൾക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയ പകർപ്പുകൾ വെബ്സൈറ്റിലൂടെ ലഭ്യമാകും.

| | | | |
|---|---|---|---|
| | | | 9.കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് നടത്തിവരുന്നു. |
| (സി) | ഇടുക്കി മൂന്നുചങ്ങല പ്രദേശത്തുള്ള താമസക്കാർക്ക് പട്ടയം നൽകുന്നതിന് വൈദ്യുതി ബോർഡിന്റെ അനുമതി ലഭ്യമായതിനെ തുടർന്ന് റവന്യൂ വകുപ്പ് പട്ടയം നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടോ; | (സി) | മൂന്നു ചെയിൻ പ്രദേശത്തുള്ള താമസക്കാർക്ക് പട്ടയം നൽകുന്ന കാര്യത്തിൽ ജലവൈദ്യുത പദ്ധതികളുടെ ക്യാച്ച്മെന്റ് ഏരിയായിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയം അനുവദിക്കുന്നതും നിയന്ത്രണങ്ങളില്ലാതിരിക്കുന്നതും മണ്ണൊലിപ്പ് വർദ്ധിക്കുന്നതിനും തദ്വാരാ ടി മണ്ണ് വീണ് ജലസംഭരണിയുടെ ആഴം കുറയുന്നതിനിടയാക്കുന്നതുമായ വിഷയം കൂടി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇടുക്കി മൂന്നാറിൽ സ്വന്തം താമസത്തിനായുള്ള ഗൃഹ നിർമ്മാണത്തിന് അനുമതി ലഭിക്കാൻ നേരിട്ടിരുന്ന തടസ്സം ഒഴിവാക്കാൻ നടപടിയെടുത്തിരുന്നോ; വ്യക്തമാക്കാമോ? | (ഡി) | മൂന്നാർ മേഖലയിലെ സ്വന്തം ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ എൻ.ഒ.സി അനുവദിക്കുന്നതിന് അതാത് വില്ലേജാഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 26.05.2018 ൽ സ.ഉ (കൈ) 199/2018/റവ നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ എൻ.ഒ.സി അനുവദിക്കുന്നതിന് ബന്ധപ്പെട്ട പട്ടയ ഫയലുകളുടെ പരിശോധന അനിവാര്യമായതിനാലും ആയത് താലൂക്കാഫീസുകളിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്നതിനാലും എൻ.ഒ.സി അനുവദിക്കുന്നതിന് അതാത് താലൂക്ക് തഹസീൽദാർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സ.ഉ (കൈ) 381/2018/റവ തീയതി 20.10.2019 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചു. ആയത് പ്രകാരം എൻ.ഒ.സി ബാധകമാക്കിയിട്ടുള്ള വില്ലേജുകളിൽ സ്വന്തം ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തഹസിൽദാർമാർ എൻ.ഒ.സി അനുവദിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**